## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3937 — 24/06/2014-ൽ മറുപടിക്ക്

## ആദിവാസി ഭൂമി കൈയ്യേറി ക്വാറിയും എംസാന്റ് പ്ലാന്റും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശശി : | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| സംസ്ഥാനത്തെ ഏതെങ്കിലും സ്ഥലത്ത് ആദിവാസി ഭൂമി കൈയ്യേറി ക്വാറിയും എംസാന്റ് പ്ലാന്റും നടത്തുന്നത് സംബന്ധിച്ച് ട്രൈബൽ ഓഫീസറും റവന്യൂ അധികാരികളും റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | ആദിവാസി ഭൂമിയിൽ ക്വാറിയും എംസാന്റ് പ്ലാന്റും നടത്തുന്നത് സംബന്ധിച്ച് കോഴിക്കോട്, മാനന്തവാടി ട്രൈബൽ ഓഫീസർമാർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.<br><br>കോഴിക്കോട് ജില്ലയിലെ മൈസൂർമല മായങ്ങൽ പട്ടികവർഗ്ഗ കോളനിയിലെ തോട്ടക്കയം രാമന്റെ ഭാര്യ മണിയുടെ 1 ½ ഏക്കർ സ്ഥലം പോബ്സൺ എന്ന കമ്പനി കയ്യേറി കരിങ്കൽ ക്വാറി നടത്തിക്കൊണ്ടിരിക്കുകയാണെന്ന് കോഴിക്കോട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ അറിയിച്ചിട്ടുണ്ട്. പോബ്സൺ കമ്പനി ക്വാറി നടത്തുന്നത് കൊടിയത്തൂർ വില്ലേജിലെ പന്നിക്കോട് ദേശത്ത് റീസർവ്വേ നം. 172 ൽ ഉൾപ്പെടുന്ന പ്രദേശത്താണെന്ന് കാരശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചതായും ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പോബ്സൺ കമ്പനി ക്വാറി നടത്തുന്ന സ്ഥലത്തിന്റെ റവന്യൂ രേഖകൾ പരിശോധിച്ച് പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭൂമി കൈയ്യേറിയതിനെതിരെ നിയമ നടപടികൾ സ്വീകരിക്കണമെന്ന് റവന്യൂ വകുപ്പ് അധികൃതരോടും അനധികൃത ക്വാറിയുടെ പ്രവർത്തനങ്ങൾ നിർത്തി വയ്ക്കണമെന്ന് ജിയോളജി & മൈനിംഗ് വകുപ്പ് അധികൃതരോടും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടും ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ അഭ്യർത്ഥിച്ചിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>മാനന്തവാടി താലൂക്ക് വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ വാളാരംകുന്ന് കാട്ടുനായ്ക്ക കോളനിയോട് ചേർന്ന് കോളനി സ്ഥലത്ത് നടത്തുന്ന ക്വാറിയുടെ പ്രവർത്തനം നിർത്തിവയ്ക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് റവന്യൂ അധികാരികളോട് ആവശ്യപ്പെട്ടിട്ടുള്ളതായി മാനന്തവാടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ